<u>പതിനാലാം കേരള നിയമസഭ</u>

<u>ഒൻപതാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1731 31.01.2018-ൽ മറുപടിയ്ക്ക്.

## <u>തിരുവാണിയൂർ പഞ്ചായത്തിലെ അപ്രോച്ച് റോഡ് പുനരുദ്ധാരണം</u>

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തിരുവാണിയൂർ പഞ്ചായത്തിൽ ചെമ്മനാട് - അമ്പലം കദളിക്കാട്ട്താഴം അപ്രോച്ച് റോഡ് പുനരുദ്ധാരണം നടത്തുന്നതിനായി 2015-16-ൽ 33 ലക്ഷം രൂപ അനുവദിച്ചെങ്കിലും നാളിതുവരെ പ്രവൃത്തി നടന്നിട്ടില്ല; ആയതിന് കാരണം വ്യക്തമാക്കാമോ; | (എ) | തിരുവാണിയൂർ പഞ്ചായത്തിലെ ചെമ്മനാട് - അമ്പലം കദളിക്കാട്ട്താഴം അപ്രോച്ച് റോഡിന്റെ ഇരുവശത്തും കരിങ്കല്ല് സംരക്ഷണഭിത്തി, മണ്ണ് ഫില്ലിംഗ്, 2 ലെയർ മെറ്റലിംഗ്, ടാറിംഗ്, റാമ്പ് നിർമ്മാണം എന്നിവ ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത റോഡിൽ തന്നെ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ആ പ്രവൃത്തി നടപ്പിലാക്കിയതിന് ശേഷം മാത്രമേ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുമായിരുന്നുള്ളൂ. കൂടാതെ അമ്പലത്തിന്റെ അരികിലുള്ള ചിറയുടെ ഭാഗം വീതി കൂട്ടേണ്ടതായിട്ടുണ്ട്. എന്നാൽ അമ്പലകമ്മിറ്റിയുമായുള്ള അതിർത്തി തർക്കം മൂലവും ടി പ്രവൃത്തി സമയബന്ധിതമായി തീർക്കുവാൻ |

| | | | |
|---|---|---|---|
| | | | തടസ്സമായിട്ടുണ്ട്. ടാറിംഗ് ഒഴികെ ബാക്കി വർക്കുകൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. ടി പ്രവൃത്തിയ്ക്ക് ചില ഇനങ്ങൾ കൂടുതലായി ഉൾപ്പെടുത്തേണ്ടി വന്നിട്ടുള്ളതിനാൽ എസ്റ്റിമേറ്റ് പുതുക്കേണ്ടതായിട്ടുള്ളതാണ്. ഈ കാരണങ്ങൾ കൊണ്ടാണ് ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാതെ വന്നിട്ടുള്ളത്. |
| **(ബി)** | പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; അവർക്കെതിരെ നടപടി സ്വീകരിക്കുമോ? | **(ബി)** | ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകൾ വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല . |

സെക്ഷൻ ഓഫീസർ